# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.453 03.03.2020-ൽ മറുപടിയ്ക്ക്

## <u>ലോട്ടറി ടിക്കറ്റുകളുടെ ജി.എസ്.ടി. നിരക്ക് വർദ്ധനവ്</u>

| | ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| ലോട്ടറി ടിക്കറ്റുകളുടെ ജി.എസ്.ടി. നിരക്ക് വർദ്ധിപ്പിച്ച നടപടി സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വിൽപനയെയും വരുമാനത്തെയും പ്രതികൂലമായി ബാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ? | | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 01.03.2020 മുതൽ 12% ത്തിൽ നിന്നും 28%മായി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറിയുടെ വില്പനയെയും വരുമാനത്തെയും ബാധിക്കാത്ത തരത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമാവുകയും 30/-രൂപ വിൽപ്പന വില ഉണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50/- രൂപ വിൽപ്പന വിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40/- രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. ഇതുവഴി സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതി യോളം) തുക കുറവ് വരുത്തുകയും പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്ക വിധത്തിൽ സമ്മാനഘടന ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. |

| | |
|---|---|
| | ഭാഗ്യക്കുറി ടിക്കറ്റുകളുടെ 12% GST നികുതിയിൽ SGST യായി 6% ലഭിച്ചു കൊണ്ടിരുന്ന സ്ഥാനത്ത് നികുതി 28% മായി വർദ്ധിക്കുമ്പോൾ SGST യായി 14% തുക സർക്കാരിന് ലഭിക്കുന്നു. അതായത് 8% അധിക തുക GST ഇനത്തിൽ ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ